**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3714** **27-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ആരംഭിച്ച കൊറിയർ സർവ്വീസ് മുഖാന്തിരം ഇതുവരെ എത്ര തുക വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2023 ജൂൺ 15 മുതൽ 2024 ജൂൺ 20 വരെ 3,60,35,892/- രൂപ (മൂന്ന കോടി അറുപത് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ) വരുമാനമായി ലഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ ഡിപ്പോകൾ കേന്ദ്രീകരിച്ചും കൊറിയർ സർവ്വീസ് നടത്തുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ 44 ഡിപ്പോകൾ കേന്ദ്രീകരിച്ചാണ് നിലവിൽ കൊറിയർ സർവ്വീസ് നടത്തി വരുന്നത്. സംസ്ഥാനത്തിന് പുറത്ത് കോയമ്പത്തൂരും, നാഗർകോവിലിലും കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്. (ആകെ 46 കൗണ്ടർ) |
| (സി) | പ്രസ്തുത കൊറിയർ സർവ്വീസിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസിന്റെ പ്രത്യേകതകൾ<br><br>i) കെ.എസ്.ആർ.ടി.സി. നേരിട്ട് നടത്തുന്ന കൊറിയർ സംവിധാനം.<br><br>ii) സ്വകാര്യ കൊറിയർ സർവ്വീസുകളേക്കാൾ 30 ശതമാനം നിരക്ക് കുറവ്.<br><br>iii) ലഭ്യമാകുന്ന ഓർഡറുകൾ 16 മണിക്കൂറിനുള്ളിൽ കേരളത്തിലെവിടേയും സാധനങ്ങൾ ഡെലിവറി നടത്തുന്നു. |
| (ഡി) | കൊറിയർ സർവ്വീസിനെ സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ എവിടെയാണ് നൽകേണ്ടത്; വിശദമാക്കാമോ? | (ഡി) | കൊറിയർ സംബന്ധിച്ച പരാതികൾ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമിലും, (0471-2463799) commerce.ksrtc@kerala.gov.in എന്ന ഇ-മെയിൽ അഡ്രസ്സിലും അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ